# ഭാഗം 3:
# നമ്മോടുള്ള ദൈവത്തിന്റെ ബന്ധം

**ദൈവത്തിനു മൂന്നു വാസസ്ഥലങ്ങളാണ് ഉള്ളത്: സ്വർഗ്ഗത്തിൽ, പ്രപഞ്ചത്തിൽ, ആളുകൾക്കുള്ളിൽ.**

ആദ്യത്തെ ഭാഗമായ, "ദൈവത്തിന്റെ പരിധിയില്ലായ്മ," ദൈവത്തിന്റെ വിശാലതയെ ഊന്നി പറയുന്നതാണ്. നാം അവന്റെ സർവ്വവ്യാപിത്വം, സർവ്വജ്ഞാനം, സർവ്വശക്തി എന്നിവ നോക്കി കഴിഞ്ഞു. ദൈവത്തിന്റെ രോക്ഷ ചുറ്റളവിൽ, ചെറിയ പാടുകളായ നമ്മോടു പുലർത്തുവാനുള്ള അവന്റെ ആഗ്രഹം മനസ്സിലാക്കുവാൻ പ്രയാസമാണ്.

നമ്മുടെ രണ്ടാം ഭാഗമായ, "നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ സാഹചര്യം," അവൻ നമ്മുടെ സൃഷ്ടിതാവും നാം അവന്റെ സൃഷ്ടിയുമായി അവൻ സൃഷ്ടിച്ച ലോകത്തിൽ ആക്കിവെച്ചിരിക്കുന്നു. ചരിത്രത്തിൽ ദൈവം സുപ്രധാനമായ ഒരു പങ്കുവഹിക്കുകയും നാം അതിൽ ഒരു പങ്കു നിർവ്വഹിക്കുകയും ചെയ്തു. പിന്നെ നാം കണ്ടത്, ദൈവത്തിന്റെ പരമോന്നതമായ സ്വഭാവമാണ് പരിശുദ്ധി. അതുകൊണ്ട്, അവന്റെ സൃഷ്ടിക്കു ധാർമ്മികഗുണമുണ്ട്. അവന്റെ ചരിത്രം, ലോകത്തിൽ പ്രവർത്തിക്കുന്നതു തന്നെ അവന്റെ കരുണാധിക്യപ്രകാരം അന്തിമ ലക്ഷ്യം തീർച്ച ആക്കികൊണ്ടാണ്. ആ ടെലോസ് ലക്ഷ്യമാക്കി ധാർമ്മിക സഞ്ചാരം നടത്തുവാനാണ് അവൻ നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്. നമുക്ക് അവന്റെ സഹായം, പ്രോത്സാഹനം, സ്നേഹം എന്നിവ ഈ സഞ്ചാരം വിജയിപ്പിക്കുവാൻ ആവശ്യമുണ്ട്. അതുകൊണ്ട്, ദൈവത്തിനു നമ്മോടുള്ള ബന്ധവും അവൻ നമുക്കു തരുന്ന ദൈവിക സഹായവും നമുക്കു പരിശോധിക്കാം.

> എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും, ശാസനത്തിന്നും, ഗുണീകരണത്തിന്നും, നീതിയിലെ അഭ്യാസത്തിനും; പ്രയോജനമുള്ളതു ആകുന്നു (2 തിമൊഥെയൊസ് 3:16, 17).

> തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല, എന്നും ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം.

പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ, മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ (2 പത്രൊസ് 1:20, 21).

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു, ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു, ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തിനേക്കാൾ ഇരുളിനെയാണ് സ്നേഹിച്ചതു തന്നെ. തിന്മ പ്രവർത്തിക്കുവാൻ എല്ലാം വെളിച്ചത്തെ പകക്കുന്നു; തന്റെ പ്രവർത്തിക്കു ആക്ഷേപം വരാതിരിക്കാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമില്ല. സത്യം പ്രവർത്തിക്കുവാനോ തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേണ്ടതിനു വെളിച്ചത്തിങ്കലേക്കു വരുന്നു (യോഹന്നാൻ 3:16–21).

© 2009 Truth for Today